

# അറിയാനുള്ള ജനങ്ങളുടെ അവകാശം
# പടിഞ്ഞാറ്, പാശ്ചാത്യേതര ലോകത്തോട്

നോം ചോംസ്കി
പരിഭാഷ : കെ.എം. വേണുഗോപാൽ

(ഫെബ്രുവരി ലക്കം തുടർച്ച)

**വിവരിക്കാൻ** വാക്കുകൾ തീരെ അപര്യാപ്തമായ ഒരു കുറ്റകൃത്യത്തിന് എത്രയും പെട്ടെന്ന് അറുതിവരുത്താൻ, രാത്രിയും പകലും ഒരുപോലെ കഠിനപ്രയത്നം ചെയ്യേണ്ട നിലയിലാണ് ഇന്ന് നാം. നമുക്ക് വിഷയങ്ങളിലേക്ക് കടക്കാം. അവയെ സമീപിക്കാനുള്ള ഏറ്റവും നല്ല വഴി ആഗോളവൽക്കരണത്തിന്റെ ചട്ടക്കൂട് ഉപയോഗപ്പെടുത്തുക എന്നതാണ്. പക്ഷെ അങ്ങിനെ ചെയ്യുന്നതിന് മുമ്പ് ആഗോളവൽക്കരണം എന്താണെന്ന് വിശദീകരിക്കേണ്ടതുണ്ട്. രാഷ്ട്രീയവ്യവഹാരത്തിലെ മറ്റേതൊരു പ്രയോഗത്തേയും പോലെ അതിനും ഭാഷാപരമായും പ്രചുരപ്രചാരണം വഴിയും വ്യത്യസ്ത അർത്ഥങ്ങളാണ് ഉള്ളത്.

ശബ്ദത്തിന്റെ അർത്ഥം മാത്രമെടുത്താൽ ആഗോളവൽക്കരണം ലോകത്തിന്റെ ഉൽഗ്രഥനമാണ്. മുഖ്യമായും സാമ്പത്തികമായ ഉൽഗ്രഥനം. അപ്പോൾ അത് പ്രത്യേകിച്ച് നല്ലതോ, ചീത്തയോ ആകേണ്ടതില്ല. കച്ചവടം അതിൽത്തന്നെ നല്ലതിനേയോ ചീത്തയെയോ സൂചിപ്പിക്കാത്തതുപോലെ മാനുഷികമായ പരിണിതഫലങ്ങളെ ആസ്പദമാക്കിയാണ് നല്ലതും ചീത്തയും തീരുമാനിക്കപ്പെടുന്നത്.

അപ്പോൾ ആഗോളവൽക്കരണം വ്യത്യസ്തമായ വിധത്തിൽ നടപ്പാക്കപ്പെടാൻ കഴിയുന്ന ഒന്നായി പൊതുവെയുള്ള ശബ്ദാർത്ഥം കൊണ്ട് വിവക്ഷിതമാകുന്നു. പക്ഷെ, പ്രചുരപ്രചാരം നേടിയ അർത്ഥത്തിൽ, ആഗോളവൽക്കരണം തികച്ചും വ്യത്യസ്തമായ മറ്റൊന്നാണ്. ഇത് രാജ്യങ്ങളുടെ (സാമ്പത്തിക) ഉൽഗ്രഥനത്തിന്റെ സവിശേഷമായ ഒരു രൂപമാണ്. കേന്ദ്രീകൃതമായ അധികാരമാണ് ഇതിന്റെ ചാലകശക്തി. കഴിഞ്ഞ ഇരുപത്തഞ്ച് വർഷക്കാലമായി തീവ്രമായി നടപ്പാക്കിക്കൊണ്ടിരിക്കുന്നതും, അധികാരം സ്വകാര്യമായി കേന്ദ്രീകരിക്കപ്പെടുംവിധത്തിൽ സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നതുമായ ഒരു ഉൽഗ്രഥനമാണ് അത്. സ്വകാര്യ ഉടമസ്ഥതയ്ക്കപ്പുറത്ത് ഉള്ളവരുടെ താൽപ്പര്യങ്ങൾ വെറും സാന്ദർഭികം മാത്രം. അവർക്ക് ഇതിൽ നിന്ന് നേട്ടമോ, കോട്ടമോ ഏതാണ് ഉണ്ടാകാൻ പോകുന്നത് എന്നത് മുഖ്യ പ്രശ്നമേ അല്ല. യഥാർത്ഥത്തിൽ അങ്ങിനെയുള്ള ഭൂരിപക്ഷം പേർക്കും നഷ്ടങ്ങളാണ് ഉണ്ടാകുന്നതെങ്കിലും അത് സാന്ദർഭികമായ ഒരു പരിണിതിയായി മാത്രമേ കാണപ്പെടുകയുള്ളൂ. അപ്പോൾ പ്രചുരപ്രചാരം നേടിയ അർത്ഥത്തിൽ ആഗോളവൽക്കരണം കൊണ്ട് ഉദ്ദേശിക്കുന്നത് മേൽപ്പറഞ്ഞതാണ്. ഇങ്ങിനെ ഒട്ടും കാര്യഗൗരവമില്ലാത്ത ഒരർത്ഥത്തിൽ ആഗോളവൽക്കരണമെന്ന പദം പ്രചാരണങ്ങളിലൂടെ എഴുന്നള്ളിച്ചശേഷം, ലോകത്തിലെ മഹത്തായ ജനസംഘാതങ്ങളെ ആഗോളവൽക്കരണവിരുദ്ധരായി മുദ്രകുത്തുകയാണ് ചെയ്യുന്നത്. അങ്ങിനെ ആഗോളവൽക്കരണവിരുദ്ധരെ ശിലായുഗത്തിലേക്ക് മടങ്ങിപ്പോകാൻ ആഗ്രഹിക്കുന്ന പ്രാകൃതരായും വികസനത്തെയും പുരോഗതിയേയും തടയുന്നവരായും ചിത്രീകരിക്കുന്നു. ഇത്തരം വിരുദ്ധമുദ്രകൾ ആഗോളവൽക്കരണത്തെ എതിർക്കുന്നവർ സ്വീകരിക്കേണ്ട കാര്യമില്ലെന്നാണ് എന്റെ അഭിപ്രായം. സാർവ്വദേശീയാടിസ്ഥാനത്തിലുള്ള ഉൽഗ്രഥനത്തെ ആരും മോശമായിക്കാണുകയില്ല. വിശേഷിച്ചും ഇടതുപക്ഷം അതിന്റെ ആവിർഭാവകാലം തൊട്ടു

**ശബ്ദത്തിന്റെ അർത്ഥം മാത്രമെടുത്താൽ ആഗോളവൽക്കരണം ലോകത്തിന്റെ ഉൽഗ്രഥനമാണ്. മുഖ്യമായും സാമ്പത്തികമായ ഉൽഗ്രഥനം. അപ്പോൾ അത് പ്രത്യേകിച്ച് നല്ലതോ, ചീത്തയോ ആകേണ്ടതില്ല. കച്ചവടം അതിൽത്തന്നെ നല്ലതിനേയോ ചീത്തയെയോ സൂചിപ്പിക്കാത്തതുപോലെ മാനുഷികമായ പരിണിതഫലങ്ങളെ ആസ്പദമാക്കിയാണ് നല്ലതും ചീത്തയും തീരുമാനിക്കപ്പെടുന്നത്.**

തന്നെ സാർവ്വദേശീയതയുടെ ഒരു കാഴ്ചപ്പാട് വളർത്തിക്കൊണ്ടുവന്നിട്ടുണ്ട്. അടുത്തകാലത്തായി സാർവ്വദേശീയാടിസ്ഥാനത്തിൽ രാജ്യങ്ങൾ തമ്മിൽ ഐക്യപ്പെടുകയും സഹവർത്തിക്കുകയും ചെയ്തതുമൂലം ഉണ്ടായിട്ടുള്ള സുപ്രധാനമായ എല്ലാ നല്ലകാൽവെപ്പുകളേയും നേട്ടങ്ങളേയും നമ്മൾ അംഗീകരിക്കേണ്ടതുണ്ട്. ആ കാഴ്ചപ്പാടിൽ നോക്കുമ്പോൾ ലോകത്തെമ്പാടുമുള്ള ജനതകളുടേയും അവരുടെ ഭാവിതലമുറകളുടെയും ജീവിതങ്ങളും അവസരങ്ങളും മെച്ചപ്പെടുത്തുന്നതിനായുള്ള ദൂരവ്യാപക ഫലങ്ങൾ ഉളവാക്കുന്ന ആഗോളവൽക്കരണത്തോട് നമ്മൾ പ്രതിജ്ഞാബദ്ധത പുലർത്തുകയാണ് ചെയ്യേണ്ടത്. ഈ ചുമതല ഇനിയും മാറ്റിവെക്കാനാവില്ല. മുന്നോട്ട് പോകാനുള്ള സാധ്യതകൾ വെറും വാക്കുകളല്ല, യാഥാർത്ഥ്യങ്ങൾ തന്നെയാണ്. ഒരുപാട് വിധത്തിൽ അവ ഇന്ന് പ്രകടമായിട്ടുണ്ട്. ഇപ്പോൾ വർഷംതോറും നടക്കുന്ന ബ്രസീലിലെ പോർട്ടോ അലെഗ്രെയിലെ യോഗങ്ങൾ ആ വഴിക്കുള്ള സൂചനകളാണ്. വിപുലമായ സാർവ്വദേശീയ പ്രാതിനിധ്യം അവിടെയുണ്ടാവുന്നു. ബ്രസീലിയൻ തൊഴിലാളികൾ, ഭൂരഹിതകർഷക പ്രസ്ഥാനം വടക്കേ അമേരിക്കയിൽനിന്നുള്ള തൊഴിലാളി സംഘടനകൾ, പരിസ്ഥിതിസംഘടനകൾ, സത്രീപ്രസ്ഥാനങ്ങൾ, എന്നിങ്ങനെ വ്യത്യസ്തങ്ങളായ സമരപശ്ചാത്തലങ്ങളുള്ള സംഘടനകൾക്ക് മുൻകാലങ്ങളിൽ നിന്ന് ഒന്നും ചെയ്യാൻ കഴിയുമായിരുന്നില്ല. അവയ്ക്ക് ഇപ്പോൾ ഒരുവേദിയിൽ അണിനിരക്കാൻ കഴിയുന്നുണ്ടെങ്കിൽ അത് നമ്മൾ നേരത്തെ കണ്ടതുപോലെയുള്ള ഇടതുപക്ഷ സാർവ്വദേശീയതയുടെ ഭാഗമായ സൃഷ്ടിപരമായ ആഗോളവൽക്കരണ മാതൃകയുടെ ഫലമാണ്. അവരുടെ പ്രവർത്തനങ്ങൾ ഭാഗീകമായി പ്രതിരോധാത്മകമെങ്കിലും ഒരു ഭാഗത്ത് അവ കേന്ദ്രീകൃത അധികാരഘടനകളെ ഉല്ലംഘിച്ച് ലോകവ്യാപകമായി ജനകീയ നിയന്ത്രണം യാഥാർത്ഥ്യമാക്കിത്തീർക്കാൻ ലക്ഷ്യമിടുന്നതാണ്. ഈ മാതൃകയിലുള്ള ആഗോളവൽക്കരണമാണ് മനുഷ്യന് മാന്യമായി ജീവിക്കാൻ കൊള്ളാവുന്ന ഒരു ലോകം സൃഷ്ടിക്കണമെന്നാഗ്രഹിക്കുന്നവർ വിഭാവനം ചെയ്യുന്നത്.

*(ഡൽഹി സ്കൂൾ ഓഫ് ഇക്കണോമിക്സിൽ 2001 നവംബർ 5 ന് ചോംസ്കി നടത്തിയ പ്രഭാഷണം)*

---

*(53-ാം പേജിൽനിന്ന്)*

**മെഗാ മാർട്ടുകളുടെ വെല്ലുവിളിയും പ്രത്യാഘാതങ്ങളും**

ഇത്ര വലിയ ഒരു വളർച്ചയുടെ ഫലമായി കിടമത്സരം മൂർഛിച്ച് ചില ശൃംഖലകളുടെ പടുകൂറ്റൻ വാണിഭശാലകൾ പൂട്ടേണ്ടിവന്നു. അമേരിക്കയിൽ പലയിടങ്ങളിലായി വോൾമാർട്ടിന്റെ മുന്നൂറിലേറെ വാണിഭശാലകൾ ഒഴിച്ചിട്ടിരിക്കുന്നു. വാണിഭശാലകളുടെ വികസനം അമേരിക്കയിലെ ജനങ്ങൾ കൂടുതൽ ദൂരം സഞ്ചരിക്കാനും അതോടൊപ്പം സമയനഷ്ടത്തിലും കലാശിക്കുന്നു. 1990 മുതൽ 2000 വരെ അമേരിക്കക്കാർ സാധനങ്ങൾ വാങ്ങുന്നതിനായി 40 ശതമാനത്തിലധികം ദൂരം സഞ്ചരിച്ചു. അതായത് അവർ ഒരു വർഷം 95 ബില്ല്യൻ (ഒരു ബില്ല്യൻ - നൂറുകോടി) മൈൽ അധികം സഞ്ചരിച്ചു. ഇത് ഇന്ധനച്ചിലവ് വർധനയോടൊപ്പം അന്തരീക്ഷമലിനീകരണം, അമ്ലമഴ, ആഗോളതാപനം എന്നിവക്ക് കാരണമായി.

**ഗുണപാഠം**

മെഗാമാർട്ടുകളിൽ സാധനങ്ങൾക്ക് പൊതുവേ വിലക്കുറവായിരിക്കും എന്ന ഒരു മിഥ്യ, സങ്കൽപ്പം ജനങ്ങളുടെ മനസ്സിൽ കണ്ടുവരുന്നു. തുടക്കത്തിൽ അവർ ആകർഷകമായ വിലക്കുറവുകൾ പ്രഖ്യാപിക്കുമെങ്കിലും പിന്നീട് എതിരാളികളുടെ വാണിഭശാലകൾ പൂട്ടിയതിന്ശേഷം വിലനിലവാരം കൂട്ടുന്നു. മെഗാമാർട്ടുകൾ ചില സന്ദർഭങ്ങളിൽ തദ്ദേശീയ കിടമൽസരത്തിനനുസൃതമായി അവരുടെ മറ്റുവിൽപ്പനശാലകളേക്കാൾ വിലകൾ കൂട്ടി നിശ്ചയിക്കാറുണ്ട്. ഉപഭോക്താക്കളോട് യാതൊരു പ്രതിബദ്ധതയുമില്ലാതെ ലാഭേഛ മുൻനിർത്തി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് മെഗാമാർട്ടുകൾ. അവർക്ക് രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതിയെ കാര്യമായി സ്വാധീനിക്കാൻ കഴിയുമെന്നത് ഇപ്പോൾ നമ്മുടെ രാജ്യത്തെ പല നയപരിപാടികളിലും പ്രത്യക്ഷമാണ്. ഭാഗ്യവശാൽ ഇന്ത്യയിലെ വലിയ ഒരു പങ്ക് ആളുകൾ ഇക്കാര്യങ്ങളേക്കുറിച്ച് കൂടുതൽ ബോധവാന്മാരായിക്കൊണ്ടിരിക്കുന്നു. കൂടുതൽ ബോധവൽക്കരണപരിപാടികൾ ജനങ്ങൾ, ജനപ്രതിനിധകൾ, തദ്ദേശവ്യാപാരികൾ എന്നിവരെ ഉൾക്കൊള്ളിച്ച് നടത്തിയാൽ മാത്രമേ മെഗാമാർട്ടുകളുടെ ഈ കടന്നുകയറ്റത്തെ നിയന്ത്രിക്കാനാവൂ. അതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ തദ്ദേശ ചെറുകിട വ്യാപാരികളെ സംരക്ഷിക്കുകയും, കുറേക്കൂടി മെച്ചപ്പെട്ട ഒരു സമ്പദ്‌വ്യവസ്ഥയെ കെട്ടിപ്പെടുക്കാൻ സഹായിക്കുകയും ചെയ്യും.

ഒരു പക്ഷേ പൊതുനയങ്ങളും നമ്മുടെ തീരുമാനങ്ങളും ചെറുകിട വ്യാപാരികളുടെ നിലനിൽപ്പിനെ ബാധിക്കുകയും മെഗാമാർട്ടുകളുടെ വർദ്ധനവിന് കാരണമാവുകയും ചെയ്യുമെന്നത് യാഥാർത്ഥ്യമാണ്. ഈ പ്രവണത ഭാവിയിൽ തുടരണമെന്നില്ല. ഇതിന്റെ ദോഷഫലങ്ങളെക്കുറിച്ചുള്ള ജനങ്ങളുടെ തിരിച്ചറിവ് തദ്ദേശവ്യാപാര സ്ഥാപനങ്ങൾ നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കാൻ സഹായകമാവുകയും ശക്തിയോടെ തിരിച്ചുവരാനും കാരണമായേക്കാം. ഭാവി അങ്ങിനെ ആകട്ടെ എന്ന് നമുക്കെല്ലാവർക്കും ആശിക്കാം.

*(കടപ്പാട് : സ്റ്റാഡിമിച്ചലിന്റെ ബിഗ് ബോക്സ് സ്വിൻഡൽ എന്ന പുസ്തകത്തിനോട്)*

*തണൽ, H-3, ജവഹർനഗർ,*
*തിരുവനന്തപുരം - 695 003*

ബിജു എസ്. ബാലന്റെ രണ്ടാം ചരമവാർഷിക ദിനമായ ജൂൺ 27 ന് തൃശൂരിൽ പ്രകാശിപ്പിക്കുന്നു.

കേരളീയം പുസ്തകശാലയിൽനിന്ന്

ബിജു എസ്.ബാലന്റെ

**ചെന്നൈ വിശേഷവും കുറിപ്പുകളും**